**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5688** **08-07-2024 - ൽ മറുപടിയ്ക്ക്**

**മാറാക്കര കുടുംബാരോഗ്യ കേന്ദ്രത്തിന്റെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ** | | **ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | ദിവസേന നൂറുകണക്കിന് രോഗികൾ ചികിത്സ തേടി എത്തുന്ന, കോട്ടക്കൽ മണ്ഡലത്തിലെ മാറാക്കര കുടുംബാരോഗ്യ കേന്ദ്രത്തിൽ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത കാരണം രോഗികൾ ഏറെ പ്രയാസം നേരിടുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ആർദ്രം രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തി മാറാക്കരയെ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തിയിട്ടുണ്ട്. പ്രസ്തുത സ്ഥാപനത്തിൽ നിലവിലെ സൗകര്യങ്ങൾ ഉപയോഗിച്ചുള്ള എല്ലാ സേവനങ്ങളും നൽകിവരുന്നുണ്ട്. കൂടാതെ ഇതു സംബന്ധിച്ച പരാതികളൊന്നും നിലവിൽ ലഭ്യമായിട്ടില്ല. |
| (ബി) | മതിയായ സ്ഥല സൗകര്യം ലഭ്യമായിട്ടുള്ള പ്രസ്തുത കുടുംബാരോഗ്യ കേന്ദ്രത്തെ കിടത്തി ചികിത്സിക്കാൻ സൗകര്യമുള്ള ആശുപത്രിയായി ഉയർത്തുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) | ആർദ്രം മാനദണ്ഡ പ്രകാരം കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ കിടത്തി ചികിത്സ വിഭാവനം ചെയ്യുന്നില്ല. |

സെക്ഷൻ ഓഫീസർ